പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3847 — 12 - 12 - 2018-ൽ മറുപടിക്ക്.

## അക്ഷയകേന്ദ്രങ്ങൾ

ചോദ്യം — മറുപടി

ശ്രീ.കെ.ഡി. പ്രസേനൻ — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം അനുവദിക്കണമെന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനം, ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ എന്നിവ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിഗണിച്ചാണ് സർക്കാർ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ പരമാവധി നാലും, നഗരസഭയിൽ ആറും കോർപ്പറേഷൻ പരിധിയിൽ ജനസാന്ദ്രത കണക്കാക്കിയുമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. പുതുതായി അനുവദിക്കുന്ന അക്ഷയ കേന്ദ്രം നിലവിൽ പ്രവർത്തിച്ച് വരുന്ന അക്ഷയ കേന്ദ്രങ്ങളുമായി ചുരുങ്ങിയത് 2 കി.മീ. അകലം പാലിക്കേണ്ടതുണ്ട്. അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്ന മുറയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് അക്ഷയ ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ഓൺലൈൻ പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി സംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ